LIBRARY ARCHIVES Kerala Legislative Assembly

അനാദായകരമായ സ്കൂളുകൾ

99 (1154) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലകളിൽ അനാദായകരമായ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയിലേതെങ്കിലും അടച്ചുപൂട്ടിയിട്ടുണ്ടോ ; അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചവയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) പത്തിൽ താഴെ കുട്ടികൾ പഠിക്കുന്ന എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇത്തരം സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) അനാദായകരമായ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ശേഖരിക്കപ്പെട്ടതല്ലാതെ ആദിവാസി മേഖല തിരിച്ച് ക്രോഡീകരിക്കപ്പെട്ടിട്ടില്ല

(സി) പത്തിൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങളുടെ 2014-15 വർഷത്തെ കണക്ക് പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

സർക്കാർ സ്കൂളുകളിൽ ടോയ്ലെറ്റ് സൗകര്യം

100 (1155) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോയ്ലെറ്റ് സൗകര്യമില്ലാത്ത സർക്കാർ സ്കൂളുകളിലെല്ലാം സമയ ബന്ധിതമായി ടോയ്ലെറ്റുകൾ നിർമ്മിക്കും എന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം എത്ര സ്കൂളുകൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; പ്രസ്തുത സ്കൂളുകളുടെ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) 654 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്ലെറ്റ്, യൂറിനൽ, കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം 31.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം